ഉള്ളിയേരി പ്രൈമറി ഹെൽത്ത് സെൻറർ

59 [77] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി പ്രൈമറി ഹെൽത്ത് സെൻററിൽ സ്ഥല ദൗർലഭ്യം ഉള്ളതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ പുതിയ കെട്ടിടം പണിയുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിഗണനയിലില്ല.

കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ

60 [78] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ജില്ലയിലെ ഏകകമ്മ്യൂണിറ്റി ഹെൽത്ത് സെൻററായ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ ഇന്നത്തെ ദയനീയാവസ്ഥ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആശുപത്രിയിലെ പരാധീനതകൾ പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻെറ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ പുതിയ കെട്ടിടം പണിയണമെന്നും കൂടുതൽ കിടക്കകൾ അനുവദിക്കണമെന്നും നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി,സി) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ വികസനത്തിന് ഫണ്ട് ഉൾപ്പെട്ടുത്തിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തിൽ ഫണ്ടിൻെറ ലഭ്യതയനുസരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ബാലുശ്ശേരി പ്രൈമറി ഹെൽത്ത് സെൻറർ

1 [79] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പ്രൈമറി ഹെൽത്ത് സെൻററിൽ ഒരു കുക്കിനെ നിയമിക്കുവാൻവേണ്ടി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാലുശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അടുക്കള സൗകര്യം ഇല്ല. ആയതിനാൽ കുക്കിനെ നിയമിക്കുന്ന കാര്യത്തിൽ നടപടികളൊന്നും എടുക്കുവാൻ നിവർത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly